**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4814** **02-07-2024 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിൽ കൃഷിഭൂമി അനധികൃതമായി കയ്യേറുന്ന സംഭവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കൃഷിഭൂമി കയ്യേറിയതായി കാണിച്ച് അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിൽ പെട്ടവർ ഹൈക്കോടതിയെ സമീപിച്ചതിനെ തുടർന്ന് പ്രസ്തുത പരാതിയിന്മേൽ കോടതി നിർദ്ദേശപ്രകാരം എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | **അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർ തങ്ങളുടെ ഭൂമി സർവ്വേ ചെയ്ത് രേഖകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 9 പരാതികൾ 12.06.2024ൽ ബഹു. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് മുമ്പാകെ നേരിട്ട് സമർപ്പിച്ചിട്ടുണ്ട്. ടി പരാതികൾ പരിശോധിച്ച്, പട്ടികവർഗ്ഗക്കാർക്ക് ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടെങ്കിൽ, റവന്യൂ രേഖകൾ പ്രകാരം ഭൂമി സർവ്വെ ചെയ്ത് ആയത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി ജില്ലാ കളക്ടർ മുഖേന സ്വീകരിക്കുന്നതാണ്.**<br><br>**ബഹു. കേരള ഹൈക്കോടതി നിർദ്ദേശത്തിൽ മേൽപ്പറഞ്ഞ പരാതികളിൽ റവന്യൂ രേഖകൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുവാൻ പാലക്കാട് ഡിസ്ട്രിക്റ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി പാലക്കാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും, ആയത് പ്രകാരം ജില്ലാ കളക്ടർ പാലക്കാട് ഡിസ്ട്രിക്റ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയ്ക്ക് ബന്ധപ്പെട്ട റവന്യൂ രേഖകൾ സഹിതമുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്.** |
| (ബി) | കയ്യേറ്റക്കാരെ പോലീസും ഉദ്യോഗസ്ഥരും പിന്തുണച്ചു എന്ന പരാതിയിലെ പരാമർശം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | **കയ്യേറ്റക്കാരെ ഉദ്യോഗസ്ഥർ പിന്തുണക്കുന്നതായ ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (സി) | പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങൾക്ക് അവകാശപ്പെട്ട ഭൂമി അനധികൃതമായി കയ്യേറുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | **പട്ടികവർഗക്കാരുടെ ഭൂമി അന്യാധീനപ്പെടുന്ന പക്ഷം ആയത് പുനഃസ്ഥാപിച്ചു നൽകുന്നതിന് 1999-ലെ കേരള പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ പട്ടികവർഗത്തിൽ ഉൾപ്പെട്ട ആളുകൾ തങ്ങളുടെ ഭൂമി ഇതര വിഭാഗത്തിൽപ്പെട്ടവർക്ക് കൈമാറ്റം ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചാൽ മേൽപ്പറഞ്ഞ** |

| | | | |
|---|---|---|---|
| | | | **നിയമപ്രകാരം ആയതിൽ വിശദമായ അന്വേഷണം നടത്തി ടി കൈമാറ്റം മൂലം അപേക്ഷകർ ഭൂരഹിതരാകില്ല എന്നുറപ്പ് വരുത്തിയതിനു ശേഷമേ വിൽപ്പനയ്ക്ക് അനുമതി നൽകാറുള്ളൂ.** |

സെക്ഷൻ ഓഫീസർ